"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - തിരുവനന്തപുരം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II, ശ്രീമതി.രമ്യ.വി.ആർ-ന്റെ കുടുംബശ്രീ തൃശൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി 01.10.2025 മുതൽ ഉത്തരവ് തീയതി വരെ ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1265/2026/LSGD തീയതി,തിരുവനന്തപുരം, 07-07-2026

പരാമർശം:- 1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.

2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/fin നമ്പർ ഉത്തരവ്

3. 11/09/2024-ലെ സ.ഉ.(സാധാ)നം.1679/2024/LSGD നമ്പർ ഉത്തരവ്

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09/09/2025, 19.05.2026 എന്നീ തീയതികളിലെ 2427/E1/2024/KSHO നമ്പർ കത്ത്.

ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി.രമ്യ.വി.ആർ-നെ പരാമർശം (3) പ്രകാരം കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 01.10.2024 മുതൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീമതി.രമ്യ.വി.ആർ.-ന്റെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി 30.09.2025-ന് അവസാനിച്ചുവെന്നും, അന്യത്രസേവന കാലാവധി അവസാനിച്ചതിനു ശേഷവും കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്ര സേവനത്തിൽ തുടരുകയാണെന്നും, ടിയാളുടെ അന്യത്രസേവന കാലാവധി 01.10.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനു ശേഷവും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസ്സിസ്റ്റന്റ് ഗ്രേഡ്-2 ആയ ശ്രീമതി.രമ്യ.വി.ആർ പ്രസ്തുത

തസ്തികയിലെ ജോലികൾചെയ്ത് വരികയാണെന്നത് പരിഗണിച്ച് പരാമർശം (2)-ലെ വ്യവസ്ഥകളിൽ ഇളവ് നൽകി ശ്രീമതി.രമ്യ.വി.ആർ-ന്റെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി 01.10.2025 മുതൽ ഉത്തരവ് തീയതി വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി.രമ്യ.വി.ആർ, സ്റ്റാറ്റിസ്റ്റിക്കൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം (ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/290/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeepkumar സെക്ഷൻ ഓഫീസർ
Date: 07-07-2026 11:28:04